# തേനീച്ചയും കുട്ടിയും

• കുസുമം. ആർ പുന്നപ്ര



മുറ്റത്തെ മാഞ്ചോട്ടിൽ ഒരു കുട്ടി നിന്നു കളിക്കുകയായിരുന്നു. അപ്പോളവനൊരു മൂളൽ കേട്ടു. ഉം.. ഉം.... ഉം.... അവൻ ചുറ്റും നോക്കി. ഒരു തേനീച്ച മൂളിക്കൊണ്ട് അവിടൊക്കെ പറന്നു നടക്കുന്നത് കുട്ടി കണ്ടു. അവനതിന്റെ പിറകെ നടന്നു. തേനീച്ച മാവിന്റെ ഒരു ചില്ലക്കു ചുറ്റും മൂളി പറക്കുന്നതാണ് അവൻ കണ്ടത്. കുട്ടി തേനീച്ചയോടു ചോദിച്ചു: “തേനീച്ച ചങ്ങാതീ, എന്തിനാണിങ്ങനെ മൂളിക്കൊണ്ട് ഇവിടൊക്കെ പറന്നു നടക്കുന്നേ...?''

തേനീച്ച ഉടനെ അവന്റെ അരികത്ത് പറന്നുവന്നു. എന്നിട്ടു പറഞ്ഞു: “ഞാൻ മൂളുവല്ല ചങ്ങാതീ, കരയുവാണ്; എനിക്ക് സങ്കടം വന്നിട്ട്..!''

▸▸ പി.വി.സി യുടെ പൂർണ രൂപം – പൊളി വിനൈൽ ക്ലോറൈഡ്

കുട്ടി അതിനോടു ചോദിച്ചു: എന്തിനാണ് നീ കരയുന്നത്, എന്തിനാണ് സങ്കടപ്പെടുന്നത്? എന്നോടു പറഞ്ഞേ.. എനിക്കെന്തെങ്കിലും ചെയ്യാൻ പറ്റുന്നതാണേൽ ഞാൻ ചെയ്യാം.''

തേനീച്ച മറുപടി പറഞ്ഞു: "ഓ, നിനക്കെന്തു ചെയ്യാൻ പറ്റും. നീ കുട്ടിയല്ലേ... എന്നാലും ഞാൻ പറയാം.

നിനക്കു കേക്കണോ അക്കാര്യം: ഈ മാവിന്റെ ചില്ലേൽ ഞങ്ങള് ഒരുപാടു കഷ്ടപ്പെട്ടാണ് ഒരു കൂടുണ്ടാക്കിയത്..''

കുട്ടി പറഞ്ഞു: "ഓ.. അതു ഞാനിന്നലെ കണ്ടല്ലോ..''

"അതിന്റെ കാര്യമാ പറയാൻ പോണത്. ഇന്നലെ കുറെ ദുഷ്ടൻമാർ വന്ന് ആ കൂടെല്ലാം ഇളക്കിയെടുത്ത് കശക്കി പിഴിഞ്ഞ് ഞങ്ങൾ സൂക്ഷിച്ചുവെച്ചിരുന്ന തേനെല്ലാം അതീന്നെടുത്ത് കൂടും ദൂരെ എറിഞ്ഞു!''

കുട്ടിക്കു സങ്കടമായി. അവൻ തേനീച്ചയോടു പറഞ്ഞു: "ഓ അങ്ങിനെയാണ് കാര്യം അല്ലേ! ഞാനും ആ തേനിന്റെ രുചി അറിഞ്ഞതാ. എന്തു മധുരമായിരുന്നു!"

"അതെയതെ, നല്ല മധുരമായിരിക്കും. ഞങ്ങൾ എത്രദിവസം ഓരോ പൂവിന്നടുക്കലും പോയി കഷ്ടപ്പെട്ട് ശേഖരിച്ച തേനല്ലേ ആ ദുഷ്ടൻമാർ ഒന്നോടെ എടുത്തു കൊണ്ടുപോയത്..! അതും അല്ല, ഞങ്ങടെ കൂടും പോയി!!''



## വായിച്ചുകൊടുക്കാൻ

കുട്ടി പറഞ്ഞു: "അയ്യോ കഷ്ടം.! ഇനി നിങ്ങളെന്തു ചെയ്യും?!''

തേനീച്ച മൂളിക്കൊണ്ട് പറഞ്ഞു: ഇനി എല്ലാ പൂവിന്നടുക്കലും ചെന്ന് പൂമ്പൊടി ശേഖരിച്ച് അടുത്ത കൂടുണ്ടാക്കണം. ഇത്രയും ചെറിയ ജീവികളായ ഞങ്ങൾ കഷ്ടപ്പെട്ടുണ്ടാക്കിയ കൂട് ഒരു ദയയുമില്ലാതെയല്ലേ നിങ്ങൾ മനുഷ്യർ നശിപ്പിച്ചു കളഞ്ഞത്!"

കുട്ടിക്ക് അതു കേട്ടപ്പോൾ സങ്കടം സഹിച്ചില്ല. അവൻ കരഞ്ഞുകൊണ്ട് അമ്മയുടെ അടുക്കൽ ചെന്ന് കാര്യം പറഞ്ഞു. അപ്പോൾ അമ്മ അവനോടു പറഞ്ഞു ഇനി ആരെക്കൊണ്ടും തേനീച്ചയുടെ കൂട് എടുത്ത് തേനെടുപ്പിക്കില്ലെന്ന്. കുട്ടിക്ക് സന്തോഷമായി.

അവൻ ഓടിച്ചെന്ന് തേനീച്ചയോട് അമ്മ പറഞ്ഞ കാര്യം പറഞ്ഞു. എന്നിട്ട് തേനീച്ചക്ക് ഒരു വലിയ പൂന്തോട്ടവും കാണിച്ചു കൊടുത്തു. തേനീച്ച സന്തോഷത്തോടു കൂടി അടുത്ത കൂടുകൂട്ടാൻ കൂട്ടുകാരുമായി ശ്രമം തുടങ്ങി. •

**കഥാസാരം:** റോഡിൽ രക്തമൊലിച്ച് കിടക്കുന്ന ഷെപ്പാർ ഗ്രാമത്തിലെ ബാലനെ ശുനക് ഹോസ്പിറ്റലിലെത്തിച്ചു. അവന്റെ കൈയിലുണ്ടായിരുന്ന പേന പ്രൊഫസർ പ്യാരീബാലിന്റേതാണെന്ന് മനസ്സിലായി. ബാലനെയിടിച്ച വണ്ടിയുടെ ഡ്രൈവറേയും പിടികൂടി. പ്രൊഫസർ പ്യാരീബാൽ ഹോസ്പിറ്റലിലെത്തി. പ്രൊഫസറെ കുറിച്ചും അദ്ദേഹത്തിന്റെ അനിയൻ ഗുർമിത് ലാലിനെയും കുറിച്ചവർ അന്വേഷിച്ചു. രണ്ടുപേരും എന്തോ മറച്ചുവെക്കുന്നതായി അവർക്ക് തോന്നി. പ്യാരീബാൽ ഹോസ്പിറ്റലെത്തി ഡി.ജി.പി യോടൊപ്പം കുട്ടിയുമായി സംസാരിച്ചു. അവന്റെ സഹോദരിക്കെന്തോ ആപത്ത് വരാനിരിക്കുന്നുവെന്നാണത്രെ അവൻ പറയുന്നത്. ഷെപ്പാർ ഗ്രാമത്തിൽ പോയി അവളെ രക്ഷിക്കുന്നതിന് വേണ്ടി അവരാദ്യം ലഡാക്കിലേക്ക് പോയി. അവിടെ അവരെ സഹായിക്കാൻ കേണൽ പുട്ടിറ്റോയുണ്ടായിരുന്നു. പുട്ടിറ്റോ ഷെപ്പാറിന്റെ മാപ്പ് കാണിച്ചു കൊടുത്തു. അങ്ങനെ പൂച്ചപ്പോലീസും ശുനകും ഷെപ്പാറിലെത്തി. അവരെ ആരെക്കെയോ പിടിച്ചു കൊണ്ടുപോയി. ഷെപ്പാർ ഗ്രാമവാസികളെ ഭയന്ന് കഴിയുന്ന ജലാജികളായിരുന്നു അവർ. രണ്ടുപേർ വന്ന് കുട്ടിയെ തട്ടിപ്പോയെന്ന് അവർ പറഞ്ഞു. ജഗൻജിത്തും പ്രൊഫസർ പ്യാരീബാലുമാണതെന്ന് ജലാജികൾ ചിത്രം കണ്ട് തിരിച്ചറിഞ്ഞു. ആ ബാലികയെ നദീദേവന് ബലി നൽകാൻ പോവുകയാണെന്ന വിവരം അവർ അറിഞ്ഞു. അവളെ രക്ഷിക്കാൻ പൂച്ചപ്പോലീസും ശുനകും പുറപ്പെട്ടു. അപ്പോൾ ദൈവനിഷേധികളായ ജറൂലികൾ കുറച്ചപ്പുറത്ത് തമ്പടിക്കുന്നത് അവർ കണ്ടു. പ്രധാന സാധനങ്ങളുള്ള ബാഗ് പൂച്ചപ്പോലീസ് കബൂത്തറിന്റെ കൈയിൽ കൊടുത്തു. ശേഷം പൂച്ചപ്പോലീസും ശുനകും മുന്നോട്ട് നടന്നു. പെട്ടെന്ന് ജറൂലികൾ അവരെ തടഞ്ഞു.പൂച്ചപ്പോലീസിന്റെ ബാഗ് തട്ടിയെടുക്കാൻ ശ്രമിച്ചു. ഗിർ സാവിഞ്ചാദിനെ മല്ലയുദ്ധത്തിൽ തോൽപിച്ചാൽ മാത്രമേ ബാഗ് നിങ്ങൾക്ക് കിട്ടൂ എന്നവർ പറഞ്ഞു. ശുനകിനെ തോൽപിച്ച് അവർ സഞ്ചിയുമായി കടന്ന് കളഞ്ഞു. ക്ഷീണം കൊണ്ട് പൂച്ചപ്പോലീസും ശുനകും മരച്ചുവട്ടിൽ കിടന്ന് ഉറങ്ങിപ്പോയി. പെട്ടെന്ന് അവർക്ക് നേരെ ഒരമ്പ് പാഞ്ഞു വന്നു. അവരെ പിടികൂടി മൂപ്പന്റെ അടുക്കലെത്തിച്ചു. ഷെപ്പാർ ഗ്രാമത്തിൽ വരൾച്ച ഇല്ലാതാക്കാൻ ഒരു നേർച്ചക്കുള്ള ഒരുക്കങ്ങൾ നടക്കുകയായിരുന്നു. പട്ടണക്കാരെ സൂക്ഷിക്കണമെന്ന് പറഞ്ഞ് അപ്പോൾ അവിടുത്തെ പ്രധാന മന്ത്രവാദി കാഹിൽ വന്നു. അവരെ നിരീക്ഷിക്കാൻ ഗിർവിഞ്ചാദിനേയും കൂട്ടരേയും ഏർപ്പാടാക്കി.

▸▸ ഇന്ത്യയിൽ ഏറ്റവും ഉയരമുള്ള വെള്ളച്ചാട്ടം– ജോഗ് ഫാൾസ് (ജെർസോപ്പ)